**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4097 16.03.2017-ൽ മറുപടിയ്ക്ക്

**ശ്രീമതി നിഷ.എ.യ്ക്ക് ആശ്രിത നിയമനം**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ വെറ്ററിനറി ഹോസ്പിറ്റലിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറായി ജോലി ചെയ്ത് വരവെ 28.06.2013 ന് മരണമടഞ്ഞ ഉദയന്റെ ഭാര്യ ശ്രീമതി.നിഷ.എ.യ്ക്ക് ജോലി നൽകുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ; | (എ) | 11.12.14 ലെ സ.ഉ(എം.എസ്)297/14/കൃ.വ പ്രകാരം ശ്രീമതി.നിഷ.എ യ്ക്ക് മൃഗസംരക്ഷണ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് ആയി നിയമിച്ച് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമന പ്രകാരം 18 പേർ സൂപ്പർ ന്യൂമററിയിൽ ജോലിയിൽ തുടരുകയാണ്. ശ്രീമതി.എ.നിഷയുടെ സീനിയോരിറ്റി ഇവർക്കും താഴെയായിട്ടാണ്. ആയതിനാൽ സൂപ്പർ ന്യൂമററിയിൽ തുടരുന്നവരെ റഗുലറൈസ് ചെയ്താൽ മാത്രമേ ടിയാൾക്ക് നിയമനം നൽകാൻ സാധിക്കുകയുള്ളൂ. ബഹു.കേരള ഹൈക്കോടതിയുടെ 25.02.2016 ലെ WPC Nos 33621/2015 & 5960/2016 ഉത്തരവ് പ്രകാരം സൂപ്പർന്യൂമററിയിലുള്ളവരെ റഗുലറൈസ് ചെയ്യുന്നതിന് സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആയതിനാലാണ് മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനം വൈകുന്നത്. |
| (ബി) ശ്രീമതി.നിഷ.എ.യ്ക്ക് ആശ്രിത നിയമനം നൽകുവാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | ബഹു.കേരള ഹൈക്കോടതിയുടെ 25.02.2016 ലെ WPC Nos 33621/2015 & 5960/2016 ഉത്തരവ് പ്രകാരമുള്ള സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് ശ്രീമതി.എ.നിഷയുടെ സീനിയോരിറ്റി അനുസരിച്ച് മൃഗസംരക്ഷണ വകുപ്പിൽ ഉണ്ടാകുന്ന ഒഴിവിൽ ആശ്രിത നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ